# ശിഹാബ്ക്കയോട് ചോദിക്കാം

**മലയാളത്തിന്റെ പ്രിയ കഥാകാരൻ ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് നിങ്ങളുമായി സംവദിക്കുന്നു**



എനിക്ക് എഴുതാൻ നല്ല താൽപര്യമുണ്ട്. കുട്ടിക്കാലവും നമ്മുടെ സാഹചര്യങ്ങളുമല്ലേ നമ്മെ എഴുത്തുകാരാക്കുന്നത്. പണ്ടത്തെ എഴുത്തുകാർക്കുള്ള പോലെ അനുഭവങ്ങളൊന്നും ഞങ്ങൾക്കില്ലല്ലോ. അപ്പോൾ ഞങ്ങൾ എന്തെഴുതും..?

**ആയിശ ഹാനിയ. എം,**
ക്ലാസ് 9
ജി.വി.എച്ച്.എസ്.എസ്,
കിണാശ്ശേരി

ഏത് സമൂഹത്തിലും സാഹചര്യത്തിലും അനുഭവങ്ങളും കാഴ്ചകളുമുണ്ട്. ആ അനുഭവങ്ങളെ ഉൾക്കാഴ്ചയോടെ അവതരിപ്പിക്കുക എന്നതാണ് ഒരു നല്ല എഴുത്തുകാരൻ /എഴുത്തുകാരി ചെയ്യുക.

കാണുന്ന കാഴ്ചക്കപ്പുറമുള്ള ദൃശ്യങ്ങളിലേക്കും മനസ്സിലേക്കും സഞ്ചരിക്കാൻ എല്ലാ നല്ല എഴുത്തുകാർക്കും സാധിക്കും.

ഓരോ കാലത്തെ അനുഭവത്തിനും അനേകം വ്യത്യസ്ത കാഴ്ചകളുണ്ട്.



നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക ,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത്- തൃശ്ശൂർ

തൊണ്ണൂറ്
കഴിഞ്ഞ
മനുഷ്യരും മരങ്ങൾ നടുന്ന
ചില വാർത്തകൾ കാണാറുണ്ട്.
അവർക്കതിന്റെ ഗുണങ്ങളൊന്നും കിട്ടില്ല
എന്ന് അവർക്കറിയാം. എന്നിട്ടും അവർ
അങ്ങനെ ചെയ്യുന്നതിന്റെ രഹസ്യമെന്താണ്
ശിഹാബ്ക്കാ..?

**മുഹമ്മദ് ഫയാസ്. കെ**
ക്ലാസ് 7
ജി.എച്ച്.എസ്.എസ്, പൊൻമുണ്ടം

നല്ല ഒന്നാന്തരം ചോദ്യം. ഫയാസിന്റെ ചോദ്യം ശിഹാബ്ക്കാക്ക് പെരുത്ത് പിടിച്ചു. നാം യാത്ര ചെയ്യുന്ന വഴികൾ, റോഡുകൾ, വാഹനങ്ങൾ, തണൽ മരങ്ങൾ...

ഒന്ന് ആലോചിച്ച് നോക്കൂ, ഈ ലോകത്തിന്റെ വിസ്മയങ്ങളാണവ.

ആരോ ഉണ്ടാക്കിയ റോഡിലൂടെ നാം നമ്മുടെ വാഹനത്തിൽ ചീറിപ്പാഞ്ഞു പോകുന്നു.

കാലത്ത് കുടിക്കുന്ന ചായയിലെ പാൽ തന്ന പശുവേതാണ്?

ചായപ്പൊടി ഏത് തോട്ടത്തിൽ വളർന്നതാണ്? ആര് ഉണ്ടാക്കിയതാണ്? ആര് പാക്ക് ചെയ്ത് എത്തിച്ചതാണ്?

ചായയിലെ മധുരത്തിന്റെ കാര്യവും അങ്ങനെത്തന്നെ.

ഈ ഭൂമിയിൽ ഒരു മനുഷ്യനും ഒറ്റക്കല്ല.

ഒറ്റക്ക് ഒരു നിലനിൽപ്പും സാധ്യമല്ല.

ഇവിടെയാണ് ഓരോ മനുഷ്യനും സമൂഹത്തോട് അങ്ങേയറ്റം കടപ്പെട്ടവനാണ് എന്ന് പറയുന്നത്.

സമൂഹം എല്ലാം തന്നു. നാം സമൂഹത്തിനുവേണ്ടി എന്ത് ചെയ്തു?

ഇന്ന് നാം നടുന്ന ഒരു മരം നാളത്തെ മനുഷ്യരുടെ തണലാണ്. നമുക്ക് കിട്ടിയ തണൽ ഇന്നലത്തെ മനുഷ്യർ നട്ടതാണ്. ഒരുപക്ഷേ ഒരു അജ്ഞാതൻ. ആ അജ്ഞാതനോടു പോലും ഞാൻ കടപ്പെട്ടിരിക്കുന്നു.

നാം നമുക്കു വേണ്ടി മാത്രം ജീവിക്കുന്നതിന്റെ പേരാണ് 'തിൻമ' എന്നത്.

'നാളെ ലോകാവസാനമാണെന്ന് അറിഞ്ഞാലും ഇന്ന് ഒരു വൃക്ഷം നടുക' എന്ന മഹത്തായ പ്രവാചക വചനം ഈ ആശയമാണ് നമ്മിൽ ഉണർത്തുന്നത്.

ഒരു കിടിലൻ ചോദ്യം ശിഹാബ്ക്കാക്ക് തന്നതിന് ഫയാസിന് നല്ലൊരു കൈയടി.



അപ്പുക്കിളി ഏത് നോവലിലെ കഥാപാത്രമാണ്– ഖസാക്കിന്റെ ഇതിഹാസം